REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു. തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു.**
- **രാജസ്ഥാനിലെ നീം കാ താന ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിന്റെ ഖനിയിൽ കുടുങ്ങിയ 10 ഉദ്യോഗസ്ഥരെ രക്ഷപ്പെടുത്തി.**
- **സംസ്ഥാനത്തെ ഡ്രൈവിംഗ് ടെസ്റ്റ് പ്രതിസന്ധി പരിഹരിക്കാൻ ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് ചർച്ച.**
- **മലപ്പുറം കരുളായി കരിമ്പുഴയിൽ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ച സംഭവത്തിൽ അധ്യാപർക്കെതിരെ കേസെടുത്തു.**
- **കൊട്ടിയൂർ വൈശാഖോത്സവത്തിന് നാളെ തുടക്കമാകും.**

## വാർത്തകൾ വിശദമായി

**ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു. ഇന്നലെ വൈകിട്ട് പത്രികാ**

സമർപ്പണം പൂർത്തിയായി. പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം പ്രമുഖ നേതാക്കൾ ഇന്നലെ പത്രിക നൽകിയിരുന്നു.

വാരണാസിയിൽ മൂന്നാം തവണയും മത്സരിക്കുന്ന നരേന്ദ്രമോദിയ്ക്കെതിരെ കോൺഗ്രസിലെ അജയ് റായിയാണ് സ്ഥാനാർത്ഥി. ഹിമാചൽപ്രദേശിലെ മാണ്ഡിയിൽ BJP നേതാവ് കങ്കണ റാവത്ത് പത്രിക നൽകി. വിക്രമാദിത്യസിംഗ് ആണ് മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി. ഛണ്ഡീഗഢിൽ കോൺഗ്രസ് നേതാവ് മനീഷ് തിവാരി പത്രിക നൽകി. BJP യിലെ സഞ്ജയ് ടാണ്ഡൻ അദ്ദേഹത്തെ നേരിടും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന അഞ്ച്, ആറ്, ഏഴ് ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. ഈ മാസം 20-നും 25-നും ജൂൺ ഒന്നിനുമാണ് വോട്ടെടുപ്പ്. രാഷ്ട്രീയ പാർട്ടികളും, മുന്നണികളും പ്രമുഖ നേതാക്കളെ രംഗത്തിറക്കി പ്രചാരണം ശക്തമാക്കി.

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിൽ പ്രചാരണം നടത്തും. കല്യാണിലും ഡിൻഡോറിയിലും പൊതുസമ്മേളനങ്ങളിൽ അദ്ദേഹം സംസാരിയ്ക്കും. നരേന്ദ്രമോദി ഖാട്കോപ്പറിൽ വൈകിട്ട് റോഡ്ഷോ സംഘടിപ്പിച്ചിട്ടുണ്ട്.

BJP അധ്യക്ഷൻ JP നദ്ദ, UP മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, രാഹുൽഗാന്ധി, പ്രിയങ്കാ ഗാന്ധി, സമാജ്-വാദി

പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് തുടങ്ങിയവർ പ്രചാരണ രംഗത്ത് സജീവമാണ്.

✪✪✪

രാജസ്ഥാനിലെ നീം കാ താന ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിന്റെ ഖനിയിൽ കുടുങ്ങിയ 10 ഉദ്യോഗസ്ഥരെ രക്ഷപ്പെടുത്തി. 5 പേർ ഇനിയും ഖനിയിൽ കുടുങ്ങിക്കിടക്കുകയാണെന്ന് ജില്ലാ കലക്ടർ അറിയിച്ചു. അടുത്ത രണ്ടോ മൂന്നോ മണിക്കൂറിനകം അവരെയും രക്ഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലിഫ്റ്റിന്റെ ഷാഫ്റ്റ് പൊട്ടിയാണ് ഉദ്യോഗസ്ഥ സംഘം തുരങ്കത്തിൽ പെട്ടത്. 200 മീറ്ററോളം ഉയരത്തിൽ നിന്ന് ലിഫ്റ്റ് ഖനിയിലേക്ക് വീഴുകയായിരുന്നു. സംഭവത്തെപ്പറ്റി അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചു.

✪✪✪

ഗുജറാത്തിലെ നർമ്മദാ നദിയിൽ കാണാതായ ഏഴ് പേർക്കായി ദേശീയ ദുരന്ത പ്രതികരണ സേന തെരച്ചിൽ തുടരുന്നു. നീന്തലിനിടെയാണ് ഒരു കുടുംബത്തിലെ ഏഴ് പേരും അപകടത്തിൽപെട്ടത്.

✪✪✪

ഇന്ത്യയിലെ ഏറ്റവും വലിയ നൈപുണ്യ മത്സരം- ഇന്ത്യ സ്കിൽസ് കോമ്പറ്റിഷൻ 2024 -ന് ഇന്ന് ഡൽഹിയിൽ തുടക്കമാകും. 30 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 900-ത്തിലേറെ വിദ്യാർത്ഥികൾ

പരിപാടിയിൽ പങ്കെടുക്കുമെന്ന് നൈപുണ്യ വികസന - സംരഭക മന്ത്രാലയം അറിയിച്ചു.

✪✪✪

വിവാദ ഡൽഹി മദ്യനയ അഴിമതിക്കേസിൽ ആം ആദ്മി പാർട്ടിയെ കൂട്ട് പ്രതിയായി ഉൾപ്പെടുത്തുമെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഡൽഹി ഹൈക്കോടതിയെ അറിയിച്ചു. ഇത്തരമൊരു കേസിൽ ആദ്യമായാണ് ഒരു രാഷ്ട്രീയ പാർട്ടി പ്രതിസ്ഥാനത്ത് വരുന്നത്.

✪✪✪

സംസ്ഥാന മന്ത്രിസഭായോഗം രാവിലെ തിരുവനന്തപുരത്ത് ചേർന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ദുബായിൽ നിന്ന് ഓൺലൈനായാണ് യോഗത്തിൽ പങ്കെടുത്തത്. നിയമസഭ സമ്മേളന തീയതി യോഗത്തിൽ ചർച്ചയായില്ലെന്നാണ് റിപ്പോർട്ട്.

✪✪✪

സംസ്ഥാനത്തെ ഡ്രൈവിംഗ് ടെസ്റ്റ് പ്രതിസന്ധി പരിഹരിക്കാൻ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ യൂണിയനുകളുമായി മന്ത്രി KB ഗണേഷ്കുമാർ ചർച്ച നടത്തും. തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിൽ വൈകിട്ട് മൂന്നിനാണ് ചർച്ച. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്ക്കരണത്തിനെതിരെ ഡ്രൈവിംഗ് സ്കൂൾ ഉടമകൾ പ്രതിഷേധ സമരം നടത്തുന്നതു മൂലം കഴിഞ്ഞ ദിവസങ്ങളിൽ ടെസ്റ്റുകൾ തടസ്സപ്പെട്ടിരുന്നു.

✪✪✪

മലപ്പുറം കരുളായി കരിമ്പുഴയിൽ സ്കൗട്ട് ആൻഡ് ഗൈഡ് ക്യാംപിനിടെ രണ്ട് വിദ്യാർത്ഥികൾ മുങ്ങി മരിച്ചതിൽ അധ്യാപർക്കെതിരെ കേസെടുത്തു. നീന്തൽ അനുവദനീയമല്ലാത്ത സ്ഥലത്ത് വിദ്യാർഥികളെ കൊണ്ടുപോയതിനാണ് കേസ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കെതിരെയും പൂക്കോട്ടുപാടം പൊലീസ് കേസെടുത്തിട്ടുണ്ട്.

ഫെബ്രുവരി 9നാണ് കല്ലകഞ്ചേരി MSM സ്കൂളിലെ വിദ്യാർഥികളായ ഫാത്തിമ മുർഷിന, അയിഷ റുദ എന്നിവർ മുങ്ങിമരിച്ചത്. പ്രകൃതി പഠന ക്യാമ്പിനിടെ പുഴയിൽ കുളിക്കുക എന്നൊരു കാര്യം ഷെഡ്യൂളിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇത് അധ്യാപകർ അനുവദിക്കുകയായിരുന്നു.

✪✪✪

പന്തീരങ്കാവ് സംഭവത്തിൽ പൊലീസിന് ഗുരുതര വീഴ്ച്ച സംഭവിച്ചെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P. സതീദേവി പറഞ്ഞു. പെൺകുട്ടി പറഞ്ഞ സംഭവങ്ങൾ പൊലീസ് FIR ൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും അവർ സ്വകാര്യ വാർത്താ ചാനലിനോട് പറഞ്ഞു. പുതിയ അന്വേഷണ ഉദ്യോഗസ്ഥനെ കേസ് ഏൽപ്പിച്ചെന്നും സതീദേവി പറഞ്ഞു.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിന് നാളെ തുടക്കമാകും. നീരെഴുന്നള്ളത്തോടെയാണ് ചടങ്ങുകൾ ആരംഭിക്കുക. വൈശാഖ ഉത്സവത്തിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ക്ഷേത്രം അധികൃതർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ

...........വോയ്സ്..........

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോഹട്ടിയിലാണ് മത്സരം.

ഇന്നലെ ഡൽഹി കാപ്പിറ്റൽസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ തോൽപ്പിച്ചു. ഡൽഹിയിൽ 19 റൺസിനാണ് ആതിഥേയരുടെ ജയം.

✪✪✪

FIH ഹോക്കി പ്രോ ലീഗിന്റെ യൂറോപ്യൻലീഗിൽ പങ്കെടുക്കുന്നതിനായി, ഇന്ത്യൻ പുരുഷഹോക്കി ടീം, ബെൽജിയത്തിലെ ആന്റ്-വെർപ്പിലേക്ക് പുറപ്പെട്ടു. ജൂലൈയിലെ പാരീസ് ഒളിമ്പിക്സ് തയ്യാറെടുപ്പിന്റെ മുന്നോടിയായാണ്, ഇന്ത്യൻ ടീം ഈ ടൂർണമെന്റിനെത്തുന്നത്. ഈ മാസം 22ന് അർജന്റീനയ്ക്കെതിരെയാണ് ഇന്ത്യയുടെ ആദ്യമത്സരം.

✪✪✪

ഭുവനേശ്വറിൽ ഫെഡറേഷൻകപ്പ് അത്-ലറ്റിക് മീറ്റ് ഇന്ന് സമാപിക്കും. ഇന്ന് 400മീറ്റർ ഫൈനൽ ഓട്ടമത്സരത്തിൽ 4 മലയാളി താരങ്ങൾ മത്സരിക്കുന്നുണ്ട്. രാത്രി 7 ന് ജാവലിൻ

ത്രോ മത്സരത്തിൽ ലോക ചാമ്പ്യൻ നീരജ് ചോപ്ര മത്സരിക്കും.

✪✪✪

KEEM പ്രവേശന പരീക്ഷയ്ക്കു നൽകിയ അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കാൻ ഇന്ന് കൂടി സമയം അനുവദിച്ചു. വൈകിട്ട് മൂന്നു വരെ അപേക്ഷാ വിവരങ്ങൾ പരിശോധിക്കാമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് പുതിയ അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് കളിലേക്ക് നാളെ മുതൽ ഓൺലൈൻ അപേക്ഷ സ്വീകരിക്കും. ഏകജാലക സംവിധാനം വഴിയാണ് പ്രവേശനം. ഈ മാസം 25 വരെ അപേക്ഷിക്കാം.

✪✪✪

അഞ്ചു വർഷങ്ങൾക്കു ശേഷം പമ്പയിൽ ചെറു വാഹനങ്ങൾക്ക് പാർക്കിംഗ് പുനഃരാരംഭിച്ചു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി.

2018 ലെ പ്രളയത്തിന് ശേഷം ആദ്യമായാണ് പമ്പ ഹിൽടോപ്പിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിച്ചത്.

✪✪✪

സംസ്ഥാനത്ത് മഴസാധ്യത മുൻനിർത്തി ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ

മഞ്ഞജാഗ്രത നൽകി. നാളെ പത്തനംതിട്ട, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ശക്തമായ മഴയ്ക്കൊപ്പം മിന്നൽ ഉണ്ടാകാനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കണ്ണൂർ വാട്ടർതീം പാർക്കിൽ യുവതിയെ മാനഭംഗപ്പെടുത്തിയെന്ന കേസിൽ അറസ്റ്റിലായ കാസർഗോഡ് കേന്ദ്രസർവകലാശാല അധ്യാപകനെ. കോടതി റിമാന്റ് ചെയ്തു. പഴയങ്ങാടി എരിപുരത്തെ ഡോ. B. ഇഫ്തികർ അഹമ്മദിനെതിരെയാണ് നടപടി.

✪✪✪

പക്ഷിപ്പനിയെത്തുടർന്ന് നിരണം ഡക്ക് ഫാമിലെ താറാവുകളെ ദയാവധം നടത്തുന്ന ജോലികൾ തുടരുന്നു. ഫാമിന് ഒരു കിലോമീറ്റർ ചുറ്റളവിലെ വളർത്തു പക്ഷികളുടെ എണ്ണമെടുക്കുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്.

ഫാമിന്റെ പത്ത് കിലോമീറ്റർ ചുറ്റളവിലെ പ്രദേശം നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

കുടുംബശ്രീ അംഗങ്ങളുടെ കലാ-സാംസ്കാരിക- സാമൂഹ്യ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ എല്ലാ ADS ലും 'എന്നിടം' കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കും. കുടുംബശ്രീ വാർഷിക ദിനമായ മറ്റന്നാൾ തിരുവനന്തപുരം ആര്യങ്കോട്

പഞ്ചായത്തിലെ കരിക്കോട്ടുകുഴി ADS ൽ ‘എന്നിടം’ കേന്ദ്രത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തും.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 320 രൂപ കൂടി 53,720 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,715 രൂപ.

✪✪✪

തിരുവനന്തപുരം വെള്ളറട കണ്ണനൂരിൽ ലഹരി സംഘത്തിന്റെ ആക്രമണമുണ്ടായി. ഇന്നലെ രാത്രി അമ്പൂരി സ്വദേശിയായ പാസ്റ്റർ അരുളിന് ഗുണ്ടാ ആക്രമണത്തിൽ പരിക്കേറ്റു.

മറ്റൊരു സംഭവത്തിൽ കൺസ്യൂമർഫെഡ് ജീവനക്കാരിയെയും ഭർത്താവിനെയും, ഗുണ്ടാ സംഘം നടുറോഡിൽ മർദിച്ചു. ഒരു വീടിന്റെ ജനൽച്ചില്ലുകൾ തകർക്കുകയും ഇരുചക്രവാഹനങ്ങൾ മറിച്ചിടുകയും ചെയ്തു. പണം അപഹരിച്ചതായും നാട്ടുകാർ ആരോപിച്ചു. ബഹളം കേട്ട് പുറത്തിറങ്ങിയ വീട്ടുടമയെയും ഗുണ്ടാസംഘം ഭീഷണിപ്പെടുത്തി. പിന്നീട് അക്രമികളിൽ ഒരാളെ നാട്ടുകാർ പിടികൂടി പൊലീസിൽ ഏൽപ്പിച്ചു.

✪✪✪

തിരുവനന്തപുരത്ത് ഗുണ്ടകളുടെ വീടുകളിൽ പോലീസ് പരിശോധന പുരോഗമിക്കുന്നു. കരമന, നേമം പ്രദേശങ്ങളിൽ ആണ് പോലീസിന്റെ പരിശോധന. സ്ഥിരം കുറ്റവാളികളുടെയും കാപ്പ ചുമത്തിയവരുടെയും വീടുകളിൽ

പരിശോധന നടത്തുന്നുണ്ട്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ജില്ലയിൽ ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായതിന്റെ പശ്ചാത്തലത്തിലാണ് പോലീസ് നടപടി.

आकाशवाणी